## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1858** — **04-12-2018 ൽ മറുപടിയ്ക്ക്**

### നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ നിയമനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാന നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയുടെ റിക്രൂട്ട്മെന്റ് മാനദണ്ഡപ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത 2016 ആഗസ്റ്റ് 1-നു മുൻപ് എന്തായിരുന്നു; പ്രസ്തുത യോഗ്യതയിൽ 2016 ആഗസ്റ്റ് മാസത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാറ്റമാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ജനറൽ മാനേജർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത 2016 ആഗസ്റ്റ് 1-നു മുൻപ് "Graduate with MBA Preferably specialization in Marketing and Finance or CS/CA/ICWAI with 3 years experience" ആയിരുന്നു; ഉണ്ട്, 2016 ൽ തസ്തികയുടെ യോഗ്യത "Graduate with MBA preferably specialization in Marketing and Finance or HR/CS/CA/ICWAI/ B.Tech with PGDBA with 3 years experience" എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട് . |
| (ബി) | നൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിലൂടെ ജനറൽ മാനേജരെ നിയമിക്കേണ്ടത് ഏത് സർവ്വീസ് നിയമപ്രകാരമാണെന്ന് അറിയിക്കുമോ; | (ബി) | 29.06.2013- തീയതിയിലെ സ.ഉ (കൈ)നം.194/ 2013/പൊഭവ പ്രകാരം തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഇക്കാര്യം നിഷ്കർഷിക്കുന്നില്ല. |
| (സി) | കെ.എസ്.ആർ. ബാധകമല്ലാത്ത ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് ഡെപ്യൂട്ടേഷനിൽ ഈ തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ എത്ര കാലയളവെടുത്തു; നിയമനത്തിന്റെ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട് ; പ്രസ്തുത നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാൻ ഒരുമാസമെടുത്തു ; ഡയറക്ടർ ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ശിപാർശ പ്രകാരം സൗത്ത് ഇൻഡ്യൻ ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ സീനിയർ മാനേജർ ആയ, ശ്രീ . അദീബ് കെ . ടിയെ കേരള സംസ്ഥാന നൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ ജനറൽ മാനേജർ തസ്തികയിൽ 08 / 10/ 2018 തീയതിയിലെ സ .ഉ (സാ ധാ ) നം .6581/ 18 /പൊഭവ ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**